**QP CODE** **Enrollment Number: ………………**

**T6066** **Name: ………………………………**

# BA DEGREE EXAMINATIONS, MAY 2024
## Third Semester
## B.A. Malayalam Language and Literature
## B21ML03DC- ദൃശ്യകലാസാഹിത്യം
## (2022 Admissions)

**Time: 3 Hours** **Max Marks: 70**

## Section A

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. ആരോമൽ ചേകവർ ഏതു കുടുംബത്തിലെ അംഗമാണ്?
2. വടക്കൻപാട്ടുകളുടെ പണിയാല എന്ന പുസ്തകം എഴുതിയത് ആര്?
3. നാടോടിക്കളികൾക്ക് ഏത് കലാരൂപവുമായാണ് കൂടുതൽ അടുപ്പം?
4. ഫോക്‌ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും എന്ന പുസ്തകത്തിന്റെ കർത്താവ്?
5. കേരളത്തിലെ ഏതെങ്കിലും രണ്ട് ക്ലാസിക്കൽ കലാരൂപങ്ങളുടെ പേരെഴുതുക.
6. സംസ്കൃതനാടകങ്ങളുടെ കേരളീയമായ രംഗാവിഷ്കാരം ഏതുപേരിലാണ് അറിയപ്പെടുന്നത്?
7. കർണ്ണശപഥം കഥകളിയിൽ ദുര്യോധനൻ ഏതുവേഷമാണ്?
8. കഥകളിയിലെ മുദ്രാഭിനയം ഏതു കൃതിയെ അടിസ്ഥാനമാക്കിയാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്?
9. ശുഭാന്തനാടകങ്ങളേക്കാൾ ദുരന്തനാടകങ്ങൾക്കാണ് ഹൃദയദ്രവീകരണശേഷി കൂടുതലുള്ളതെന്ന് പറഞ്ഞത് ആര്?
10. കണ്ണുള്ളത് തുറക്കാൻ മാത്രമല്ല, അടയ്ക്കാൻ കൂടിയാണ് – ആരുടെ വാക്കുകൾ?
11. സി.ജെ. തോമസിന്റെ ഒരു റേഡിയോ നാടകത്തിന്റെ പേരെഴുതുക.
12. സി.വി.ശ്രീരാമന്റെ ചിദംബരം എന്ന കഥയിലെ നായികയുടെ പേരെന്ത്?
13. ചലച്ചിത്രത്തിന്റെ ബ്ലൂപ്രിന്റ് എന്ന് അറിയപ്പെടുന്നത് എന്ത്?
14. സംവിധായകൻതന്നെ തിരക്കഥയെഴുതുകയാണ് നല്ലത് എന്ന് ചിന്തിച്ച് തിരക്കഥകൾ തയ്യാറാക്കിയ സംവിധായകൻ?
15. തിരക്കഥയിലില്ലാതിരുന്ന ഒഡേസപടവുകൾ ആരുടെ സിനിമയിലാണ് ചിത്രീകരിച്ചത്?

**(1X10=10)**

## Section B

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക .രണ്ടു  മാർക്ക് വീതം**

16. എന്താണ് ഒരുക്കുശീലുകൾ?
17. എന്തിനെല്ലാമാണ് അങ്കം കുറിച്ചിരുന്നത്?
18. ഒറ്റിക്കൂക്കി, കാക്കതൊട്ടുകളി എന്നീ കളികൾ എങ്ങനെയാണ് കുട്ടിക്ക് ഉപകാരപ്രദമായിമാറുന്നത്?
19. കഥകളിയും ആട്ടക്കഥയും തമ്മിലുള്ള വ്യത്യാസമെന്ത്?
20. ചതുർവ്വിധാഭിനം എന്നാൽ എന്ത്?
21. കർണ്ണശപഥത്തിൽ ഭാനുമതിയുടെ ആശങ്ക എന്തായിരുന്നു?
22. എവിടെയെങ്കിലുമവസാനിക്കട്ടെ; സകലതും എവിടെയെങ്കിലും അവസാനിക്കാറുണ്ട്. – ആര്, ആരോട് പറഞ്ഞ വാക്കുകൾ?
23. സി.ജെ. തോമസിന്റെ നാല് നാടകങ്ങളുടെ പേരെഴുതുക
24. എന്താണ് കഥാർസിസ്?
25. മലയാളത്തിലെ ഏതെങ്കിലും രണ്ട് നാടകസാഹിത്യചരിത്രത്തിന്റെ പേരെഴുതുക.

**(2X5=10)**

## Section C

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക . അഞ്ചു മാർക്ക് വീതം**

26. കെട്ടുമുറ എന്നാൽ എന്തെന്ന് വിശദമാക്കുക.
27. ആരോമലുണ്ണി അങ്കത്തിൽ ജയിച്ചുവരാൻ ഉണ്ണിയാർച്ച നേരുന്ന നേർച്ചകൾ എന്തെല്ലാം?
28. നാടോടിക്കളികളുടെ പ്രധാന ധർമ്മങ്ങൾ എന്തെല്ലാം?
29. മഹാഭാരതത്തിൽനിന്ന് കർണ്ണശപഥം ആട്ടക്കഥയ്ക്കുണ്ടായ ഇതിവൃത്തപരമായ വ്യതിയാനം എന്ത്? അതിന്റെ പ്രസക്തിയെന്ത്?
30. കർണ്ണശപഥം ആട്ടക്കഥ ഒരു കാലഘട്ടത്തിന്റെ ആവശ്യമെന്നവണ്ണം നിർമ്മിക്കപ്പെട്ടതാണ് എന്നു പറയുന്നത് എന്തുകൊണ്ട്? വിവരിക്കുക.
31. കഥാപാത്രനിരൂപണം ചെയ്യുക- 'കർണ്ണൻ'.
32. എവിടെയെങ്കിലുമവസാനിക്കട്ടെ; സകലതും എവിടെയെങ്കിലും അവസാനിക്കാറുണ്ട്. – ഈ സംഭാഷണത്തിന് നാടകത്തിലുള്ള പ്രാധാന്യം ചർച്ചചെയ്യുക.
33. ആ മനുഷ്യൻ നീതന്നെ എന്ന പേര് സി.ജെ.യുടെ നാടകത്തിന് അനുയോജ്യമാണോ എന്നു പരിശോധിക്കുക

34. ചൂഷണം ചെയ്യപ്പെടുന്നവരുടെ ജീവിതം രാവുണ്ണിയിൽ ആവിഷ്കരിക്കപ്പെടുന്നത് എങ്ങനെ?
35. മൂലകഥയിലെ അഖിലാണ്ഡാമ്മാൾ ശിവകാമിയായപ്പോൾ സിനിമയ്ക്ക് ലഭിച്ച പുതിയ അർത്ഥസാധ്യതകൾ എന്തെല്ലാം?
36. ചിദംബരത്തിൽ എത്തുമ്പോൾ അരവിന്ദന്റെ ആഖ്യാനശൈലിക്ക് വന്ന മാറ്റം എന്ത്?
37. തിരക്കഥയുടെ സാഹിത്യമൂല്യത്തെക്കുറിച്ച് എം.ടി.വാസുദേവൻനായരും അടൂർ ഗോപാലകൃഷ്ണനും പുലർത്തുന്ന ചിന്തകൾ ക്രോഡീകരിക്കുക.

**(5X6=30)**

## Section D

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരമെഴുതുക .പത്തു മാർക്ക് വീതം**

38. കഥാഗാനങ്ങളുടെ സവിശേഷതകൾ എന്തെല്ലാം? ആരോമലുണ്ണിയുടെ അങ്കപ്പുറപ്പാട് എന്ന പാട്ടിനെ മുൻനിറുത്തി ചർച്ചചെയ്യുക.
39. കർണ്ണശപഥം ആട്ടക്കഥയ്ക്ക് ഒരു നിരൂപണം തയ്യാറാക്കുക.
40. പി.എം. താജിന്റെ നാടകങ്ങളുടെ പൊതുസ്വഭാവമെന്ത്? രാവുണ്ണിയെ മുൻനിറുത്തി ചർച്ചചെയ്യുക.
41. സി.വി.ശ്രീരാമന്റെ കഥ അരവിന്ദന് ഒരു അസംസ്കൃതവസ്തുമാത്രമായിരുന്നു എന്ന് പറയുന്നത് എന്തുകൊണ്ട്? ചിദംബരം എന്ന സിനിമയെ മുൻനിറുത്തി ചർച്ചചെയ്യുക.

**(10X2=20)**